പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3522 — 12/12/2014- ൽ മറുപടിക്ക്

# പക്ഷിപ്പനി - രോഗപ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി.സുധാകരൻ : | കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) രോഗപ്രതിരോധ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും ആരംഭിക്കുന്നതിനുണ്ടായ കാലതാമസം പക്ഷിപ്പനി പടരുന്നതിന് കാരണമായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല. |
| ബി) പക്ഷിപ്പനിയ്ക്കെതിരെ എന്തെല്ലാം രോഗപ്രതിരോധ പ്രവർത്തനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; എന്തെല്ലാം ബോധവത്ക്കരണ പരിപാടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) രോഗവ്യാപനം തടയുന്നതിനുവേണ്ടി പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ രോഗബാധിത പ്രദേശത്തിന്റെ 1 കി.മീ ദൂര പരിധിയിലുള്ള രോഗം ബാധിച്ചതും കൂടെയുണ്ടായിരുന്നതുമായ പക്ഷികളെയെല്ലാം കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. ടി ജില്ലകളിലേയ്ക്കും പുറത്തേയ്ക്കുമുള്ള പക്ഷി, പക്ഷി ഉല്പന്നങ്ങൾ എന്നിവയുടെ കടത്ത് താത്ക്കാലികമായി നിരോധിച്ചു. ടി ജില്ലകളിലെ കർഷകർക്ക് പക്ഷിപ്പനിയെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും ക്ലാസ്സുകൾ നടത്തുകയും, ലഘുലേഖകൾ,നോട്ടീസുകൾ എന്നിവ വിതരണം ചെയ്യുകയും, റേഡിയോ/ പത്രമാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. |
| സി) രോഗപ്രതിരോധ പ്രവർത്തനത്തിനാവശ്യമായ മരുന്നുകളും മറ്റ് സാമഗ്രികളും ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | സി) രോഗപ്രതിരോധ പ്രവർത്തനത്തിനാവശ്യമായ മരുന്നുകൾ ആരോഗ്യവകുപ്പ് ആവശ്യാനുസരണം ലഭ്യമാക്കിയിരുന്നു. രോഗപ്രതിരോധ പ്രവർത്തനത്തിൽ ഏർപ്പെട്ടവർക്ക് ആവശ്യമായ പേഴ്സണൽ പ്രൊട്ടക്ഷൻ എക്വിപ്പ്മെന്റ് (പി.പി.ഇ) സംസ്ഥാനത്ത് ലഭ്യമായിരുന്നവ ഉടനെ രോഗബാധിത ജില്ലകളിൽ എത്തിക്കുകയും കൂടുതലായി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച 10,000 പി.പി.ഇ കിറ്റുകൾ വിമാനമാർഗ്ഗം |

| | |
|---|---|
| | ന്യൂഡൽഹിയിൽ നിന്നും എത്തിക്കുകയും ചെയ്തു. ഇതു കൂടാതെ 10,000 കിറ്റുകൾ കൂടി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഡി) രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനപ്രതിനിധികളുടെയും കർഷക പ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗങ്ങൾ മണ്ഡലാടിസ്ഥാനത്തിൽ വിളിച്ചു കൂട്ടാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | ഡി) രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനപ്രതിനിധികളുടെയും കർഷക പ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗങ്ങൾ രോഗബാധിത ജില്ലകളിൽ വിളിച്ചുകൂട്ടിയാണ് പ്രവർത്തനം ഏകോപിപ്പിച്ചിരുന്നത്. ആവശ്യമെങ്കിൽ ഇത്തരം യോഗങ്ങൾ വീണ്ടും വിളിച്ചു കൂട്ടുന്നതാണ്. |

സെക്ഷൻ ഓഫീസർ